# അക്കാദമിക് മാസ്റ്റർ പ്ലാൻ
# 2025-2026

# ലിറ്റിൽ ഫ്ലവർ ഹൈസ്ക്കൂൾ
# ഞാറക്കൽ

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## ആമുഖം

എറണാകുളം വിദ്യാഭ്യാസ ജില്ലയിൽ വൈപ്പിൻ ഉപജില്ലയിലെ ഞാറയ്ക്കൽ ഗേൾസ് ലിറ്റൽ ഫ്ലവർ ഹൈ സ്ക്കൂൾ 1945 ലാണ് സമാപിതരായത്. 1970 ൽ Boy's Section ആരംഭിച്ചു. 2025-26 അധ്യായന വർഷത്തിൽ 221 കുട്ടികൾ ഇവിടെ അധ്യായനം നടത്തി വരുന്നു. പ്രധാനാധ്യാപകൻ ഉൾപ്പെടെ 13 അദ്ധ്യാപകരും 4 അനദ്ധ്യാപകരും ഇവിടെ സേവനം ചെയ്യുന്നു. പഠനത്തൊടൊപ്പം പാഠ്യേതര പ്രവർത്തനങ്ങളിലും ഈ വിദ്യാലയം മുന്നിൽ നിൽക്കുന്നു. SSLC പരീക്ഷയിൽ എല്ലാ വർഷവും തിളക്കമാർന്ന വിജയം കാഴ്ച്ചവയ്ക്കാൻ ഈ വിദ്യാലയത്തിനു സാധിച്ചിട്ടുണ്ട്. കലാകായികരത്സരങ്ങളിലും ശാസ്ത്രം, ഗണിതം, സാമൂഹ്യശാസ്ത്ര മേളകളിലും സംസ്ഥാന തലം വരെ ഇവിടത്തെ കുട്ടികൾ തങ്ങളുടെ കഴിവുകൾ രേഖപ്പെടുത്തിയിട്ടുണ്ട്. കായികരംഗത്ത് ദേശീയ തലം വരെ വിദ്യാർത്ഥികൾ തെരഞ്ഞെടുക്കപ്പെടുകയും മികച്ച പ്രകടനം കാഴ്ച്ചവയ്ക്കുകയും ചെയ്യുന്നു. 2011-12 ലെ വൈഷിൻ നിയോചക മണ്ഡലത്തിൽ വെളിച്ചം തീവ്ര വിദ്യാഭ്യാസ പദ്ധതിയിൽ ഹൈ സ്കൂളിലെ മികച്ച വിദ്യാലയമായി ലിറ്റൽ ഫ്ലവർ ഹൈ സ്കൂളിനെ തെരഞ്ഞെടുക്കുകയും പത്ത് ലക്ഷം രൂപ അഡ്വാൻസ് ആയി ലഭിക്കുകയും ചെയ്തു .

പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി രാവിലെയും വൈകീട്ടും പ്രത്യകം ക്ലാസ്സുകൾ നടത്തുന്നു .PTA,MPTA എന്നിവയുടെ പ്രവർത്തനങ്ങൾ സജീവമാണ് .

## പൊതു ലക്ഷ്യങ്ങൾ

*ഈ വിദ്യാലയത്തിൽ എത്തിച്ചേരുന്ന ഓരോ കുട്ടിക്കും അതാത് ക്ലാസ്സുകളിൽ നേടേണ്ട പഠനശേഷികൾ കൈ വരിച്ചു എന്ന് ഉറപ്പു വരുത്തും .അതിനു കൃത്യമായ രീതിയിൽ യൂണിറ്റ് ടെസ്റ്റുകളും വാചാ

പരീക്ഷകളും നടത്തുകയും വിജയികൾക്ക് പ്രോത്സാഹനങ്ങളും പിന്നോക്കകാർക്ക് കൂടുതൽ ശ്രദ്ധ കിട്ടുന്ന പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു .

*പരീക്ഷാഫലങ്ങൾ കൃത്യമായി മാതാപിതാക്കളെ അറിയിക്കും

*കുട്ടികളുടെ സർഗ്ഗപരവും, അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് സംസമാന ദോശീയ അന്തർദോദീയ തലത്തിൽ ശ്രദ്ധമായ നോട്ടങ്ങൾ വൈവരിക്കാൻ പ്രാപ്തരാക്കുന്ന പ്രവർത്തനങ്ങൾ വിദ്യാലയത്തിൽ നടപ്പിപലാക്കുന്നു.
പ്രകൃതിയെ സ്നേഹിച്ചു കൊണ്ട് പരിസ്ഥിതി സൗഹാർദ്ദപരമായ ജീവിതം നയിക്കുവാൻ പ്രാപ്തരാക്കാൻ നേച്ചർ ക്ലബ്ബ് സജീവമായി വിദ്യാലയത്തിൽ പ്രവർത്തിച്ചു വരുന്നു.

*പ്രായോഗികമായ കൃഷി പാഠങ്ങൾ നൽകി അദ്ധ്വാനത്തിൻ്റെ മഹത്വം മനസ്സിലാക്കാൻ സഹാ യിക്കുന്ന നിരവധി പ്രവർത്തനങ്ങൾ നേച്ചർ ക്ലബ്ബിൻ്റെ പ്രവർത്തകർ നടത്തുന്നു.

*ബാഗ് നിർമ്മാണം, ബുക്ക് ബൈൻഡിങ്, ചോക്ക്, കുട നിർമ്മാണം എന്നീ കരവേശ പരിശീ ജനങ്ങളിലൂടെ തൊഴിലിൻ്റെ പ്രാധാന്യം ബോദ്ധ്യപ്പെടുത്തുകയും സ്വയം തൊഴിൽ പരിശീ ലനത്തിൻറെ പ്രാധാന്യം വ്യക്തമാക്കി കൊടുക്കുകയും ചെയ്യുന്നു.

## <u>അക്കാദമിക പ്രവർത്തനങ്ങൾ</u>

*8, 9-ാം ക്ലാസ്സിലെ പഠന നിലവാരത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കായി പ്രത്യേക പഠന പ്രവർത്തനങ്ങൾ നൽകി വരുന്നു. അതാത് വിഷയവുമായി ബന്ധപ്പെട്ട് അദ്ധ്യാപകർ ഉചിതമായ രീതിയിൽ കുട്ടികളെ മനസ്സിലാക്കി അവർക്ക് പ്രയോജനപ്രദമായ രീതിയിലുള്ള പഠന പ്രവർത്തനങ്ങൾ നൽകുകയും സമയ ബന്ധിതമായ ഇടപെടലുകൽ നടത്തി വിലയിരുത്തുകയും ചെയ്യുന്നു.

*വായനാശീലം വർദ്ധിപ്പിക്കുന്നതിനുള്ള വായനാമൂലകൾ ഭാരോ ക്ലാസ്സുകളിലും ഓരോ വിഷയങ്ങൾക്കും പിന്നോക്കം നിൽക്കുന്ന

കുട്ടികൾക്കായി അതത് അദ്ധ്യാപകർ നടത്തുന്ന പ്രത്യേക പരിശീലനങ്ങൾ.

*പഠന മേഖലയിൽ മികവ് തെളിയിക്കുന്നവർക്ക് കൊടുക്കുന്ന വിഷയാടിസ്ഥാനത്തിലുള്ള പ്രത്യേക പരിശീലനങ്ങൾ. ഓരോ പ്രവർത്തന പദ്ധതിയും ആസൂത്രണം ചെയ്ത് സമയബ ന്ധിതമായി ഉദ്ദേശിച്ച ലക്ഷ്യം സാധിതമാക്കുന്നു എന്നത് ഉറപ്പാക്കാനാവശ്യമായ സ്വയം വിലയിരുത്തൽ രേഖകൾ ഉണ്ടാക്കുന്നു.

*8, 9-ാം ക്ലാസ്സിലെ പഠന നിലവാരത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കായി പ്രത്യേക പഠനപ്രവർത്തനങ്ങൾ നൽകിവരുന്നു. അതാത് വിഷയവുമായ ബന്ധപ്പെട്ട അദ്ധ്യാപ കർ ഉചിതമായ രീതിയിൽ കുട്ടികളെ മനസ്സിലാക്കി അവർക്ക് പ്രയോജന പ്രദമായ രീതിയിൽ ഉള്ള ഠനപ്രവർത്തനങ്ങൾ നൽകുകയും സമയബന്ധിതമായ ഇടപെടലുകൾ നടത്തി വിലയിരുത്തു കയും ചെയ്യുന്നു.

* കുട്ടികളിൽ ദേശസ്നേഹം, ധൈര്യം, അച്ചടക്കം, നേതൃത്വം, ഐക്യം, നിസ്വാർത്ഥ സേവനത്തിന്റെ ആദർശങ്ങൾ എന്നിവ വളർത്തിയെടുക്കാൻ ഉതകുന്ന തരത്തിൽ NCC യൂണിറ്റ് വളരെ കാര്യക്ഷമായി വിദ്യാലയത്തിൽ പ്രവർത്തിച്ചുവരുന്നു

* ഇൻഫോർമേഷൻ ആൻഡ് കമ്മ്യൂണിക്കേഷൻ ടെക്നോളജിയിൽ വിദ്യാർത്ഥികളുടെ താല്പര്യം വികസിപ്പിക്കുന്നതിനും സാങ്കേതികവിദ്യയുടെ ഉചിതമായ ഉപയോഗത്തിന് ഉതകുന്ന തരത്തിലുള്ള സംസ്കാരം സൃഷ്ടിക്കുന്നതിനും കുട്ടികളെ പ്രാപ്തമാക്കുന്ന വിധത്തിലുള്ള ' ലിറ്റിൽ കൈറ്റ് ' യൂണിറ്റിന്റെ പ്രവർത്തനം പ്രശംസനീയാർഹമാണ്.

## പ്രതീക്ഷിത നേട്ടങ്ങൾ

കുട്ടികളുടെ അക്കാദമിക മികവിന് ഊന്നൽ നൽകി വിവിധ വിഷയങ്ങളിൽ നടപ്പി ളാക്കുന്ന പദ്ധതികൾ വഴി പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ.

1.വിദ്യാലയത്തിലേക്ക് കൂടുതൽ വിദ്യാർത്ഥികൾ ആകർഷിക്കപ്പെടണം.

2 ഈ നാടിൻറെ വികസനത്തിന് സഹായകരമായ ഒരു സമൂഹത്തിന് രൂപം കൊടു ക്കാൻ കഴിയണം.

3.ശിശു സൗഹൃദമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം സംജാതമാക്കണം.

4. ഒരു കുട്ടി സ്കൂൾ വിദ്യാഭ്യാത്തിലൂടെ ആർജ്ജിക്കേണ്ട കഴിവുകൾ കരഗതമാകണം.

5 മതനിരപേക്ഷ സമൂഹത്തെ നിലനിർത്താൻ കഴിയണം.

## ഉപസംഹാരം

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൻ്റെ ഭാഗമായി അവതരിപ്പിക്കപ്പെടുന്ന അക്കാദമിക്ക് പ്ലാൻ വഴി വിദ്യാഭ്യാസ രംഗത്ത് സമഗ്രവും ശാസ്ത്രീയവുമായ നൂതന പദ്ധ തികളാണ് വിഭാവനം ചെയ്യുന്നത്. ഇവ നടപ്പിലാക്കുന്നതിലൂടെ കുട്ടികളിൽ അറിവ് സൃഷ്ടി ക്കപ്പെടുന്നതോടൊപ്പം മൂല്യങ്ങൾ സംരക്ഷിക്കപ്പെടണമെന്ന് ആഗ്രഹിക്കുന്നു. ഈ വിദ്യാല യത്തിൻ്റെ പരിമിതികളെ പഴിക്കാതെ തീവ്രശ്രമങ്ങളിലൂടെ കൈമോശം വന്ന പൈതൃകം കാത്തു സൂക്ഷിക്കാനും കൂടുതൽ സമ്പുഷ്ടമാക്കാനും ഈ വികസന രേഖ ഉപകരിക്ക മെന്ന് പ്രത്യാശിക്കുന്നു. ഈ നാടിൻ്റെ ഭാവി വാഗ്ദാനങ്ങളായ കുട്ടികളുടെ സമഗ്രമ വളർച്ചയ്ക്ക് ഈ വിദ്യാഭ്യാസ പദ്ധതികൾ വഴി സാധിക്കട്ടെ എന്ന് ആശിക്കുന്നു.

## 2025 - 26 അക്കാഡമിക് മാസ്റ്റർ പ്ലാൻ ഹൈസ്ക്കൂൾ മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 1.ഭാഷാപരമായ പിന്നോക്കവസ്ഥ പരിഹരിക്കൽ | 1. അക്ഷരമുറപ്പിക്കൽ 2.ചിഹ്നമുറപ്പിക്കൽ 3. വാക്കുകൾ നിർമ്മിക്കൽ. 4.വാക്യ നിർമ്മാണം 5. ചിത്രം – അടിക്കുറിപ്പ് | 2 മാസം | പുസ്തകങ്ങൾ, ചിത്രങ്ങൾ | അദ്ധ്യാപകർ |
| 2. കുട്ടിയെ മികച്ച വായനക്കാരനാക്കുക | 1.ക്ലാസ് വായനാക്കൂട്ടം 2. പത്രവായന 3. പുസ്തക ചർച്ച 4. വായനാനുഭവം 5. ദിനാചരണം 6.ആസ്വാദ്യകരമായ വായന | നിരന്തരം | ക്ലാസ് ലൈബ്രറി, സ്ക്കൂൾ ലൈബ്രറി, പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ഇന്റർനെറ്റ് | പി ടി എ, അദ്ധ്യാപകർ |
| 3. കുട്ടിയെ എഴുതാൻ പ്രാപ്തനാക്കുക | 1. എഴുത്തുകൂട്ടം രൂപീകരണം 2. പുസ്തക ചർച്ച 3. വായനാ കുറിപ്പ് 4. സാഹിത്യ ശാഖകൾ പരിചയപ്പെടൽ 5. വ്യക്തിഗത രചന 6. സംഘ രചന | നിരന്തരം | ലൈബ്രറി, പുസ്തകങ്ങൾ, ഫോട്ടോകൾ | അദ്ധ്യാപകർ |
| 4.സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തനാക്കുക | 1. പ്രസംഗ പരിശീലനം –സ്ക്കൂൾ അസംബ്ലി, ക്ലാസ് മുറി 2. വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക 3. മികച്ച പ്രസംഗങ്ങളുടെ ഓഡിയോ,വീഡിയോ കേൾപ്പിക്കുന്നു. 4.പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ ഒരുക്കുന്നു. | 6 മാസം | ഓഡിയോ,വീഡിയോ, പുസ്തകങ്ങൾ,പത്രങ്ങൾ, നവമാദ്ധ്യമങ്ങൾ | അദ്ധ്യാപകർ |

# ACADEMIC MASTER PLAN – ENGLISH

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്താൻ പ്രാപ്തരാക്കുക | Spoken English class, English Library നവീകരണം, English assembly- (Class, School), English Corner – Story time, English Cartoon പ്രദർശനം | Holidays/Saturdays | English Teacher | PTA Management |
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക | Profile & Script തയ്യാറാക്കൽ - ഇവ തയ്യാറാക്കുന്നതിനുവേണ്ടി. English Cinema യുടെ ചില രംഗങ്ങൾ പ്രദർശിപ്പിക്കുന്നു. English week ആചരണം, Role Play, Seminar ചർച്ചകൾ, കവിതകൾ തിരഞ്ഞെടുത്ത് Choreography തയ്യാറാക്കി ദൃശ്യാവിഷ്കാരം നടത്തും. | With Class room activities | Teachers SRG | English Club Management |
| സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക, സ്വതന്ത്രമായ എഴുത്തിന് സജ്ജരാക്കുക | Flash cards are used to help the students to make sentences for their own.ചിത്ര വായന, ഷോർട്ട് സ്റ്റോറി റൈറ്റിംഗ്, Public speaking, Simple word games, Newspaper reading, Increasing vocabulary, New report writing, Dairy writing, News reading competitions, reading competitions, | Academic Year | English teachers | PTA English Club |

| | | | | |
|---|---|---|---|---|
| നാടകീകരണം | English Assembly, Skit, Puppet show,പാഠഭാഗങ്ങളിൽനിന്ന് രംഗങ്ങൾ കണ്ടെത്തി<br>Puppet show, skit, role play, Enacting of famous characters എന്നെ തന്ത്രങ്ങളിലൂടെ അവതരിപ്പിക്കുന്നു. | Class room activities | English teachers | PTA Management |
| കവിതാലാപനത്തിനും കവിത രചനക്കും പ്രാപ്തരാക്കുക | English recitation –കേൾക്കാനുള്ള അവസരങ്ങൾ നൽകുക, poetry writing competitions and recitation competitions are held, book reviews and critical appreciation of poem are encouraged. Hand written magazines. | 2 times a year | English Teachers | PTA Management |
| സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാവികസനത്തിന് പ്രയോജനപ്പെടുത്തുക | English Fest, English short film festival, English Film Festival | Once in a year | English Club | PTA, SRG Management |

# ACADEMIC MASTER PLAN 2025-26-HINDI

| ലക്ഷ്യം | ലക്ഷ്യം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1.ഹിന്ദി നിർഭയം കൈകാര്യം ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കുക. മാതൃഭാഷയെ പോലെ ഹിന്ദി ഭാഷയും സ്നേഹിക്കുവാനും അനായാസം കൈകാര്യം ചെയ്യുവാനും അവരെ പ്രാപ്തരാക്കുക. | *പാഠഭാഗവുമായി ബന്ധപ്പെട്ട സാഹിത്യകാരന്മാരുടെ കഥകൾ നോവലുകൾ സിനിമകൾ എന്നിവ കാണാനുള്ള അവസരം നൽകുന്നു.<br>*ഗദ്യ പാഠഭാഗങ്ങളിലൂടെ വായനയ്ക്ക് പ്രോത്സാ ഹനം നൽകുന്നു. | *ജൂൺ മുതൽ | ഹിന്ദി അധ്യാപിക | അധ്യാപകർ |
| 2.രാഷ്ട്രഭാഷയോടുള്ള അഭിരുചി വർദ്ധിപ്പിക്കുക.<br><br>3.സർഗ്ഗാതമക പ്രവർത്തനങ്ങൾ | *പദ്യഭാഗങ്ങൾ ഈണത്തിലും ഗദ്യഭാഗങ്ങൾ ഭാവാത്മകമായും വായിക്കുന്നതിനുള്ള അവസര നൽകുന്നു.<br>*കഥാ രചന, കവിതാരചനകൾ നടത്തുന്നു. | *ജൂൺ മുതൽ | ഹിന്ദി അധ്യാപിക | അധ്യാപകർ |
| 4.കുട്ടികളുടെ രചനകളുടെ പ്രകാശനം.<br><br>5.ദൃശ്യകലാസ്വാദനം.<br><br>6.വിവർത്തകർ വാർത്താവായനക്കാർ ജേണലിസ്റ്റുകൾ തുടങ്ങിയ ജോലി സാധ്യതയ്ക്കായി കുട്ടികളെ പ്രാപ്തരാക്കുക | * വ്യത്യസ്ഥ ദിനാചരണങ്ങളുടെ ഭാഗമായി ഉപ ന്യാസ രചന, പോസ്റ്റർ രചന നടത്തുന്നു.<br>* സ്കൂൾ അസംബ്ലിയിൽ വ്യത്യസ്ത വിഷയ ങ്ങൾ നൽകി പ്രസംഗം, ചിന്താവിഷയം | *അക്കാദമിക വർഷം | ഹിന്ദി അധ്യാപിക | അധ്യാപകർ |
| | *ഹിന്ദി അസംബ്ലി ഹിന്ദി വാർത്തകൾ കാണാനും വായിക്കുവാനുമുള്ള അവസരം എന്നിവ നൽകുക | *അക്കാദമിക വർഷം | ഹിന്ദി അധ്യാപിക | അധ്യാപകർ |

| SCIENCE | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| 1.കുട്ടികളിൽകൗതുകം,ജിജ്ഞാസ,നിരീക്ഷണ പാടവം എന്നിവ വളർത്തുക. | കുട്ടികൾ ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടുക ,മോഡലുകൾ നിർമിക്കുക,ലഘു പ്രൊജെക്ടുകൾ അവതരിപ്പിക്കുക . | അക്കാദമിക വർഷം | സയൻസ് അദ്ധ്യാപകർ | പി .ടി .എ |
| 2.പരിസ്ഥിതി സൗഹാർദ മനോഭാവം വളർത്തുക | പച്ചക്കറി തോട്ടം നിർമിക്കൽ ,പ്ലാസ്റ്റിക് രഹിത ക്യാമ്പസ് ,പരിസ്ഥിതി ബോധവത്കരണ ക്ലസുകൾ . | അക്കാദമിക വർഷം | സയൻസ് അദ്ധ്യാപകർ | പി .ടി .എ |
| 3.മാനവികതയിൽ ഊന്നിയുള്ള ശാസ്ത്രബോധം വളർത്തുക . | ശാസ്ത്രമാസിക പ്രസിദ്ധീകരണം ,സയൻസ് ലാബ് ,ഐ .ടി ലാബ് എന്നിവയുടെ ഉപയോഗം . | അക്കാദമിക വർഷം | സയൻസ് അദ്ധ്യാപകർ | സയൻസ് ക്ലബ് |
| 4.സാങ്കേതികതയിൽ കൂടുതൽ അറിവ് | പുതുപുത്തൻ സാങ്കേതിക വിദ്യയും പുതിയ കണ്ടെത്തലുകളും പരിചയപ്പെടുന്നു . | അക്കാദമിക വർഷം | സയൻസ് അദ്ധ്യാപകർ | പി .ടി .എ |
| 5.അന്വേഷണ തൃഷ്ണ വർധിപ്പിക്കുക ,നേരറിവ് നേടൽ | സയൻസ് ക്വിസ്,സെമിനാർ ,പ്രൊജെക്ടുകൾ എന്നിവയിൽ പങ്കെടുക്കുക . | അക്കാദമിക വർഷം | സയൻസ് അദ്ധ്യാപകർ | സയൻസ് ക്ലബ് |

## Academic Plan

മേഖല – ഹൈസ്കൂൾ – സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1.മതേതരത്വം, സഹിഷ്ണുത, എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനങ്ങളിലൂടെ വളരുക, സാമൂഹ്യപരിഷ്കർത്താക്കളെ പരിചയപ്പെടുത്തുക | സർവേ, പ്രോജക്ട്, ചർച്ചകൾ, സംവാദം, അഭിമുഖങ്ങൾ ,ക്ലാസ്സ് കൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു | വർഷം മുഴുവൻ | Social science Teachers | PTA, Management |
| 2 .ഭൂപട വായന കുട്ടികളിൽ വളർത്തുക, സ്ഥലനിർണ്ണയം നടത്തുവാൻ പഠിപ്പിക്കുക എന്ന ലക്ഷ്യം കൈവരിക്കുക | ഭൂമിശാസ്ത്ര പരമായ കാര്യങ്ങൾ കുട്ടികളെ പഠിപ്പിക്കാൻ സഹായിക്കുന്നു, ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ചവെയ്ക്കുന്ന, അറ്റ്ലസ്, മാപ്പ്കൾ, ഗ്ലോബ് എന്നിവ | വർഷം മുഴുവൻ | Social science Teachers | PTA, Social science club |

| | | | | |
|---|---|---|---|---|
| | പരിചിതമാക്കുന്നു, | | | |
| 3.കുട്ടികളിൽ ഉയർന്ന നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാനമേഖല പരിശീലിപ്പിക്കുന്ന ക്വിസ് കൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി,സംവാദം എന്നിവയെ കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക, വീഡിയോ പ്രദർശനം, ചരിത്രസിനിമ പ്രദർശനം | അക്കാദമിക വർഷം മുഴുവൻ | Social science Teachers | Social science Club |
| 4.സാമൂഹ്യശാസ്ത്ര പരീക്ഷണ നിരീക്ഷണം വളർത്തുക | സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു.ആകാശകഴ്ചകൾ, കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നു. | വർഷം മുഴുവൻ | Social science Teachers | PTA,Social science club |
| | | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) ആശയ ധാരണ കൈവ രിക്കൽ | **ഒപ്പത്തിനൊപ്പം,** പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ, മാത്സ് ക്ലിനിക്ക് | ജൂൺ ആദ്യവാരം | അധ്യാപകർ, മുന്നോക്കം നിൽക്കുന്ന കുട്ടികൾ | |
| 2) നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ഇൻസ്ട്രുമെന്റ് ബോക്സിന്റെ ലഭ്യത, ശില്പശാലകൾ | തുടർ പ്രവർത്തനം | അധ്യാപകർ | ടീച്ചേർസ് ഗ്രാന്റ് |
| 3) ഗണിതത്തെ നിത്യജീ വിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ. | ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. | ഒരു ടേമിൽ ഒന്ന് | അധ്യാപകർ, പി.ടി.എ | പി.ടി.എ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 4) ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ, അളവുകൾ ഇവ പരിചയപ്പെടൽ. | ശില്പശാല നടത്തുന്നു, ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷത്തിൽ ഒന്ന് | അധ്യാപകർ, ഗണിത ക്ലബ്ബ് | പി.ടി.എ |
| 5) സംഘബോധം ഉണ്ടാക്കൽ | സംഘപഠനം | തുടർ പ്രവർത്തനം | അധ്യാപകർ,<br>സംഘ തലവൻ | |
| 6) അധ്യാപകർ കാലാനുസൃതമായി ചെയ്ത് ചെറിയ ക്ലാസ് മുതലുള്ള തുടർ പഠനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു. | വിഷയ സമിതിയുടെ മികച്ച പ്രവർത്തനം, ഇടപെടൽ, ചർച്ചകൾ, പാഠാസൂത്രണം എന്നിവ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു. | അക്കാദമിക വർഷം, തുടർ പ്രവർത്തനം | വിഷയ സമിതി കൺവീനർ, മുതിർന്ന അധ്യാപകർ | |
| 7) ഗണിത വിഷയത്തിന് കുട്ടികളുടെ മികച്ച ഭാവനകൾ | ഗണിത ഗ്രാമം: കുട്ടികൾ കൂടാതെ സമീപ പ്രദേശങ്ങളിലെ ഗണിത അധ്യാപകരും ചേർന്നുള്ള കൂട്ടായ്മ | ശനിയാഴ്ചകളിലും, മറ്റ് അവധി ദിവസങ്ങളിലും | ഗണിത അധ്യാപകർ | ഗണിത ക്ലബ്ബ്,<br>മാനേജ്മെന്റ് |
| 8) ഗണിത മത്സരവേദിയിലേക്ക്: മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൽ | ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ. മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ. | മാസത്തിൽ ഒന്ന് | ക്ലബ്ബ് സെക്രട്ടറി,<br>അധ്യാപകർ, പി.ടി.എ | പി.ടി.എ |
| 9) ഗണിത ലാബ് | ശില്പശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽ. | മെയ് / ജൂൺ | ക്ലബ്ബ് സെക്രട്ടറി,<br>അധ്യാപകർ, പി.ടി.എ | പി.ടി.എ |
| 10) രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | മാസത്തിൽ ഒരു പി.ടി.എ നടത്തുന്ന ചുമതലകൾ നൽകുന്നു. | എല്ലാ അധ്യാപകരും | അധ്യാപകർ, HM,<br>പി.ടി.എ. പ്രസിഡണ്ട് | |